# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കോളേജ്, വെള്ളായണി**

**Phone: 0471-2381002,2381915,2388000**

നം. ജി.എൽ/ബി (1) 6687/2023(i) തീയതി : 19.06.2023

## ടെൻഡർ നോട്ടീസ്

വെള്ളായണി കാർഷിക കോളേജിലെ കോളേജിലെ Ecological restoration and Agro biodiversity conservation at College of Agriculture, Vellayani എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ജെ.സി.ബി ഉപയോഗിച്ച് നിലമൊരുക്കുന്നതിന് സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ ഡീൻ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം 695522 എന്ന പേരിൽ അയയ്ക്കേണ്ടതാണ്.

**Work Details**

1. കരഭൂമിയും നെൽവയലും ജെ.സി.ബി ഉപയോഗിച്ച് നിലംഒരുക്കുന്നത്.
2. ഉദ്ദേശിക്കുന്ന പ്രവർത്തന സമയം – ഉദ്ദേശം 300 മണിക്കൂർ
   - ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി : 05.07.2023 12 pm
   - ടെൻഡർ തുറക്കുന്ന സമയവും തീയ്യതിയും : 05.07.2023 2 pm

## Terms & Conditions

1. ഒരു മണിക്കൂർ ജെ.സി.ബി പ്രവർത്തിക്കുന്നതിന് നൽകേണ്ട തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ഡ്രൈവർക്കുള്ള ബാറ്റ, വെയിറ്റിംഗ് ചാർജ്ജ് മുതലായവ നൽകുന്നതല്ല.
2. നിരത ദ്രവ്യനിക്ഷേപം :- ടെൻഡർ തുകയുടെ 1% നിരത നിക്ഷേപദ്രവ്യമായി ഡീൻ, കാർഷിക കോളേജ് വെള്ളായണിക്ക് പ്രത്യേക ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്.
3. ടെൻഡർ രേഖകൾ അടങ്ങുന്ന സീൽ ചെയ്ത കവറിൽ ജെ.സി.ബി ഉപയോഗിച്ച് നിലമൊരുക്കുന്നതിനുള്ള ടെൻഡർ എന്ന് രേഖപ്പെടുത്തേണ്ടതാണ്.
4. ടെൻഡറിനൊടൊപ്പം കേരള സ്റ്റാമ്പ് പേപ്പറിൽ 200 രൂപ വിലയുള്ള കരാർ ഉണ്ടായിരിക്കേണ്ടതാണ്.
5. ക്രമപ്രകാരമല്ലാത്തതും പൂർണ്ണമല്ലാത്തതും ടെൻഡർ വിളിച്ച പണിയുടെ സവിശേഷതകൾക്കനുസരിച്ചല്ലാത്തതുമായ ടെൻഡറുകൾ റദ്ദാക്കുന്ന തിന് കാരണമാകുന്നതാണ്.
6. ടെൻഡർ ലഭിച്ചയാൾ കേരള സ്റ്റാമ്പ് പേപ്പറിൽ 200 രൂപയുടെ എഗ്രിമെന്റ് നടത്തുകയും ടെൻഡർ ഇനത്തിന്റെ വിലയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യരന്റി/ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ SBI വെള്ളായണിയിൽ ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണി എന്ന പേരിൽ അടയ്ക്കേണ്ടതാണ്. കരാറിന്റെ മാതൃക കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും (www.kau.in) എടുക്കേണ്ടതാണ്.

7. ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണിയ്ക്ക് ഒരു കാരണവും പറയാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും സ്വീകരിക്കാനോ നിരസിക്കാനോ അവകാശമുണ്ടായിരിക്കുന്നതാണ്.
8. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.
9. പ്രവർത്തനം തൃപ്തികരമല്ല എന്ന് കാണുന്ന പക്ഷം ഉടൻ തന്നെ ആയത് അവസാനിപ്പിക്കുന്നതും നിലവിലെ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
10. ടെൻഡർ അന്തിമമാക്കുന്നതിൽ താഴെ ഒപ്പിട്ട മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും. ടെൻഡറുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് കാർഷിക കോളേജ്, വെള്ളായണിയിലേക്ക് മെയിൽ അയക്കാവുന്നതാണ് (coavellayani @kau.in).
11. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി കഴിഞ്ഞ് വരുന്നതും അപൂർണ്ണവുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ ഇ.എം.ഡിയും കേരള സ്റ്റാമ്പ് പേപ്പറിലെ എഗ്രിമെന്റും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
12. ടെൻഡർ തുറക്കുന്ന അവസാന ദിവസം അപ്രതീക്ഷിതമായി എന്തെങ്കിലും അവധി വന്നാൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കുന്നതാണ്.
13. പണിക്ക് ഏർപ്പെടുത്തുന്നവരുടെ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ടെൻഡർ സ്വീകരിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.
14. ടെൻഡർ സ്വീകരിച്ച് 3 ദിവസത്തിനുള്ളിൽ പണി ആരംഭിക്കേണ്ടതും 30 ദിവസത്തിനകം പണി പൂർത്തീകരിക്കേണ്ടതുമാണ്. പ്രവർത്തിയിൽ കൃത്യതയും സമയബന്ധിതമായ പുരോഗതിയും വരുന്നില്ല എങ്കിൽ കരാർ അവസാനിപ്പിക്കുന്നതാണ്.
15. വർക്ക് ബില്ലുകളിൽ വ്യക്തികളിൽ നിന്ന് 1 ശതമാനവും സ്ഥാപനങ്ങളിൽ നിന്നും 2 ശതമാനവും ടി.ഡി.എസ് ഈടാക്കുന്നതാണ്.

(ഒപ്പ്/-)
ഡോ. റോയ് സ്റ്റീഫൻ
ഡീൻ ഓഫ് ഫാക്കൽറ്റി

**സ്വീകർത്താവ്**

ഡയറക്ടറേറ്റ് ഓഫ് ഇൻഫർമേഷൻ സിസ്റ്റം (യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കോളേജ് ഓഫീസ് , നോട്ടീസ് ബോർഡ്/പഞ്ചായത്ത് (കല്ലിയൂർ)
കോർപ്പറേഷൻ (തിരുവനന്തപുരം)/ഓഫീസ് കോപ്പി

സെക്ഷൻ ഓഫീസർ

V.B 19.06.2023